ഉത്തരം

(എ) കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നൽകുന്ന കാർഷിക വായ്പകൾ കാർഷിക ആവശ്യത്തിന് തന്നെയാണ് വിനിയോഗിക്കുന്നതെന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ കാർഷിക വായ്പാ അവലോകന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് 3-7-2008-ൽ സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കമ്മിറ്റിയുടെ പ്രവർത്തനം കാരണം വായ്പ നൽകുന്നതിന് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ടി ഉത്തരവ് 25-8-2008-ൽ റദ്ദാക്കുകയും കാർഷിക വായ്പയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി പരമാവധി കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ തന്നെ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. കാർഷിക ആവശ്യത്തിന് കുറഞ്ഞ നിരക്കിൽ നൽകുന്ന വായ്പ കാർഷികേതര ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെങ്കിൽ അത്തരം വായ്പകൾ കൈപ്പറ്റിയ തീയതി മുതൽ തന്നെ കാർഷികേതര വായ്പയായി കണക്കാക്കുന്നതിനും ടി വായ്പയ്ക്ക് ബാധകമാക്കിയിട്ടുള്ള പലിശ നിരക്ക് ചുമത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പ വിതരണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണവും നടത്തിപ്പും കാര്യക്ഷമവും ഫലപ്രദവുമായി സംഘടിപ്പിക്കുന്നതിനും 22-01-2010-ലെ സ.ഉ.(സാധാ)34/10/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഹ്രസ്വകാല/മധ്യകാല കാർഷിക വായ്പകളുടെയും, നബാർഡ് റീഫൈനാൻസ് ലഭ്യമാകുന്ന ഒരു വർഷക്കാലാവധിയുള്ള ഹ്രസ്വകാല കാർഷിക വിള വായ്പകളുടെയും പരിധി, സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി 10 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ നെൽകൃഷിക്ക് ഇപ്പോൾ പരിധിയില്ലാതെ പലിശ രഹിത വായ്പയും നൽകി വരുന്നു.

കർഷകർക്ക് നൽകുന്ന വായ്പാ ആനുകൂല്യങ്ങൾ

16 (979) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകർക്കായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും പ്രാഥമിക ഗ്രാമവികസന ബാങ്കുകളും എന്തെല്ലാം വായ്പാ ആനുകൂല്യങ്ങൾ ആണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുന്ന കർഷകൻ കൃത്യമായി വായ്പ തിരിച്ചടയ്ക്കുകയാണെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് നൽകിവരുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര രൂപയുടെ ആനുകൂല്യമാണ് ഇത്തരത്തിൽ നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര കർഷകർക്ക് അതിന്റെ ഗുണം ലഭിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) കർഷക ആത്മഹത്യ ഇല്ലായ്മ ചെയ്തതിൽ സഹകരണ വകുപ്പ് വഹിച്ച പങ്ക് വിശദാംശങ്ങൾ സഹിതം വിവരിക്കാമോ ?

ഉത്തരം

(എ) 1. സംസ്ഥാനത്തെ കർഷകർക്കായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പാ വിതരണം നടത്തി വരുന്നു.

2. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾ 7 ശതമാനം പലിശ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

3. ഹ്രസ്വകാല കാർഷിക വായ്പകൾ സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പരമാവധി 10 ലക്ഷം രൂപ വരെയാക്കുകയും അതിൽ 3 ലക്ഷം രൂപവരെ 7 ശതമാനം പലിശ നിരക്കിൽ നൽകുകയും ചെയ്തു വരുന്നു.

4. നെൽകൃഷിക്ക് 25,000 രൂപ വരെ പലിശ രഹിത വായ്പ നൽകിയിരുന്നത് ഇപ്പോൾ പരിധിയില്ലാതെ നൽകി വരുന്നു. ടി പദ്ധതി പ്രകാരം പാടശേഖര സമിതികൾക്ക് കൂടി വായ്പ അനുവദിച്ചും ഉത്തരവായിട്ടുണ്ട്.

5. 2 ഏക്കർ കൃഷി ഭൂമിയുള്ള കർഷകർ എടുക്കുന്ന 25,000 രൂപ വരെയുള്ള വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ മുതൽ തുകയുടെ 5 ശതമാനം പ്രോത്സാഹനമായി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

6. കൃത്യമായി വായ്പ അടയ്ക്കുന്ന വായ്പക്കാർക്ക്, അവർ അടയ്ക്കുന്ന പലിശയിൽ 5 ശതമാനം ഇളവ് നൽകുന്ന പദ്ധതി 2009-10 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

7. സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടുപയോഗിച്ച് 7 ശതമാനം പലിശ നിരക്കിൽ അധികരിക്കാതെ വിതരണം ചെയ്യുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാലവിള വായ്പകൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ഒന്നര ശതമാനം പലിശ സബ്വെൻഷൻ സഹകരണ സംഘത്തിനും, കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്കുള്ള പ്രോത്സാഹനമെന്ന നിലയിൽ 2 ശതമാനം പലിശയിളവ് വായ്പക്കാരനും അധികമായി നബാർഡ് അനുവദിക്കുമെന്നതിനാൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകന് ഹ്രസ്വകാല വിള വായ്പയ്ക്ക് 5 ശതമാനം പലിശയായി നിജപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

8. സ്വന്തം ഫണ്ടുപയോഗിച്ച് തൊട്ട് മുമ്പിലത്തെ വർഷത്തേക്കാൾ കൂടുതൽ കാർഷിക വായ്പ നൽകുന്ന സംഘങ്ങൾക്കും, നെൽകൃഷിക്ക് 20 ശതമാനത്തിൽ കൂടുതൽ തുക മുൻവർഷം നൽകിയ വായ്പയേക്കാൾ കൂടുതൽ നൽകുകയും ചെയ്യുന്ന സംഘങ്ങൾക്ക് 2010-11 വർഷം മുതൽ പ്രോത്സാഹനമായി ധന സഹായം നൽകുന്നതാണ്.

കാർഷിക ആവശ്യങ്ങൾക്ക് നൽകി വരുന്ന വായ്പകൾ കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് കൂടി നൽകുന്നതിന് നിർദ്ദേശം നൽകുകയും അപ്രകാരം നൽകി വരികയും ചെയ്യുന്നു.

(ബി) 1. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകന് അവർ അടയ്ക്കുന്ന പലിശയിൽ 5 ശതമാനം ഇളവ് നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടുപയോഗിച്ച് 7 ശതമാനം പലിശ നിരക്കിൽ അധികരിക്കാതെ വിതരണം ചെയ്യുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വിള വായ്പകൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ഒന്നര ശതമാനം പലിശയിളവ് (ഇന്റെറസ്റ്റ് സബ്വെൻഷൻ). കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്കുള്ള പ്രോത്സാഹനമെന്ന നിലയിൽ 2 ശതമാനം പലിശയിളവ് വായ്പക്കാരന് അധികമായും നബാർഡ് അനുവദിക്കുമെന്നതിനാൽ കൃത്യമായി വായ്പതിരിച്ചടയ്ക്കുന്ന കർഷകന് ഹ്രസ്വകാല വിള വായ്പയ്ക്ക് (പരമാവധി ഒരു വർഷം വരെ) 5 ശതമാനം പലിശയായി നിജപ്പെടുത്തിയിട്ടുണ്ട്.

2. രണ്ട് ഏക്കർ കൃഷിഭൂമിയുള്ള കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുകയാണെങ്കിൽ മുതൽ തുകയുടെ 5 ശതമാനം പ്രോത്സാഹനമായി അനുവദിക്കുന്ന അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് പദ്ധതി നിലവിലുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 35 കോടി രൂപയുടെ ആനുകൂല്യം മേൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് ഇനത്തിൽ നൽകിയിട്ടുണ്ട്.

(ഡി) 280000-ത്തോളം കർഷകർക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ട്.

(ഇ) സഹകരണ വകുപ്പ് കാർഷിക വായ്പാ മേഖലയിൽ ഇടപെട്ടതിനെ തുടർന്ന് കർഷക ആത്മഹത്യ ഇല്ലായ്മ ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് പ്രധാനമായും നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക കടങ്ങൾ എഴുതി തള്ളി. 1-1-1999 മുതൽ 31-7-2006 വരെയുള്ള കാലയളവിൽ കാർഷിക കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ സഹകരണ ബാങ്കുകളിലെ കടബാദ്ധ്യത സർക്കാർ ഏറ്റെടുത്ത വകയിൽ 543 വായ്പകൾക്കായി 1,46,68,561 രൂപ 2009 വർഷത്തിൽ സർക്കാർ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ പരാമർശിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം	34	18,55,775
കൊല്ലം	11	7,71,845
പത്തനംതിട്ട	16	3,49,776
ആലപ്പുഴ	4	1,25,987
കോട്ടയം	1	17,460
ഇടുക്കി	103	13,68,419
എറണാകുളം	16	3,06,992
തൃശ്ശൂർ	58	16,48,498
പാലക്കാട്	36	18,30,892
മലപ്പുറം	5	89,195
കോഴിക്കോട്	7	2,80,258
വയനാട്	75	17,71,695
കണ്ണൂർ	112	21,03,002
കാസർഗോഡ്	543	21,48,767
	ആകെ	1,46,68,561

2. വയനാട് ജില്ലയ്ക്കായുള്ള പ്രത്യേക പദ്ധതി :

വയനാട് ജില്ലയിൽ ഒരേക്കറിൽ കവിയാതെ സ്വന്തമായോ മറ്റു വിധത്തിലോ കൃഷി ഭൂമിയുള്ള കർഷകർ 30-6-2006 വരെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്ന 25000 രൂപവരെയുള്ള കാർഷിക കടങ്ങളുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത വകയിൽ 32472 അക്കൗണ്ടുകളിലായി 14,38,45,120 രൂപ 2008, 2009 വർഷങ്ങളിലായി സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

2008	-	14,11,00,000
2009	-	27,45,120
ആകെ		14,38,45,120

LIBRARY ARCHIVES Kerala Legislative Assembly

3. കേന്ദ്ര കാർഷിക കടം എഴുതിത്തള്ളൽ/കടാശ്വാസ പദ്ധതി:

കർഷകർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 1-4-1997 മുതൽ 31-3-2007 വരെ എടുത്തിരുന്ന കാർഷിക കടങ്ങളിൽ 31-12-2007-ൽ കുടിശ്ശികയായതും 29-2-2008-ൽ ബാക്കി നിൽക്കുന്നതുമായ കുടിശ്ശിക വായ്പകൾക്ക് കേന്ദ്ര കാർഷിക കടം എഴുതി തള്ളൽ പദ്ധതിയിൻ കീഴിൽ 6,52,205 വായ്പകളിലായി 11,01,65,59,594 രൂപ 2008-ൽ എഴുതി തള്ളിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ പരാമർശിക്കുന്നു:

ജില്ല	വായ്പകളുടെ തുക	തുക
തിരുവനന്തപുരം	90187	2,53,71,58,478
കൊല്ലം	37518	65,75,03,774
പത്തനംതിട്ട	8352	13,75,10,479
ആലപ്പുഴ	30530	66,15,74,623
കോട്ടയം	26231	62,09,92,595
ഇടുക്കി	85755	1,02,12,23,509
എറണാകുളം	14659	24,13,68,315
തൃശ്ശൂർ	17286	28,17,51,365
പാലക്കാട്	83197	72,13,38,606
മലപ്പുറം	16336	24,06,18,942
കോഴിക്കോട്	38537	62,99,78,355
വയനാട്	53893	88,89,47,657
കണ്ണൂർ	96796	1,49,76,81,767
കാസർഗോഡ്	52928	67,89,11,129
ആകെ	6,52,205	11,01,65,59,594

LIBRARY ARCHIVES Kerala Legislative Assembly

4. **കേരള കർഷക കടാശ്വാസ കമ്മീഷന്റെ അവാർഡ് ബാദ്ധ്യത:**

കേരള കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകിയ അവാർഡുകളുമായി ബന്ധപ്പെട്ട ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത വകയിൽ 2008-2010 സാമ്പത്തിക വർഷങ്ങളിൽ സർക്കാർ അനുവദിച്ച് നൽകിയ തുകയെ സംബന്ധിച്ച വിവരം ചുവടെ പരാമർശിക്കുന്നു:

വർഷം	അവാർഡുകളുടെ എണ്ണം	തുക
2008-09	5098	8,06,22,598
2009-10	12646	15,72,76,877
2010-11	6337	9,31,72,949
ആകെ	24081	33,10,72,424

സർക്കാർ അനുവദിച്ച് നൽകിയ മേൽ തുകയിൽ വകുപ്പുതല പരിശോധനയിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 17774 അവാർഡുകളിലായി 23,64,83,962 രൂപ ഇതിനോടകം സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ പരാമർശിക്കുന്നു:

തിരുവനന്തപുരം	635	1,72,29,602
കൊല്ലം	143	49,63,260
പത്തനംതിട്ട	192	38,29,454
ആലപ്പുഴ	147	16,35,481
കോട്ടയം	161	48,95,242
ഇടുക്കി	9042	7,93,47,776
എറണാകുളം	21	6,57,754
പാലക്കാട്	406	76,11,056
മലപ്പുറം	426	69,85,998
കോഴിക്കോട്	841	1,89,48,565
വയനാട്	4803	7,59,05,279
കണ്ണൂർ	638	1,00,03,698
കാസർഗോഡ്	319	44,70,797
ആകെ	17774	23,64,83,962

ബാക്കിയുള്ള 6307 അവാർഡുകളിന്മേലുള്ള പരിശോധന തൃപ്തികരമായി നടന്നുവരുന്നു. പരിശോധന അടിയന്തരമായി പൂർത്തിയാക്കി അർഹതപ്പെട്ട തുക സംഘങ്ങൾക്ക് അനുവദിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly